ഇക്കാര്യത്തിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ നമുക്ക് എന്തെങ്കിലും ഖണ്ഠിതമായി പറയാൻ ഒക്കുകയുള്ളൂ. ആ നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

VII. മേശപ്പുറത്തു വച്ച കടലാസുകൾ

(1) മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, കല്ലുവാതുക്കൽ മദ്യദുരന്തം അന്വേഷിച്ച ജസ്റ്റീസ് വി. പി. മോഹൻകുമാർ കമ്മീഷന്റെ റിപ്പോർട്ടും അതിന്മേലുള്ള നടപടി റിപ്പോർട്ടും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(2) തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*): സർ, കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2001-2002-ലെ ഓഡിറ്റ് റിപ്പോർട്ട് ആന്റ് അക്കൗണ്ട്സും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(3) റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. ജി.ഒ.(പി.) നമ്പർ 78/2005/നിയമം, തീയതി 23-2-2005 (എസ്.ആർ.ഒ. നമ്പർ 226/2005.)

2. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 2002-2003-ലെ ഓഡിറ്റ് റിപ്പോർട്ട് ഓൺ അക്കൗണ്ട്സും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റുമെന്റും

(4) ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

2005 മാർച്ച് 1-ാം തീയതിയിലെ നോട്ടിഫിക്കേഷൻ നമ്പർ 102119/എഫ്.ആർ.സി.-2/2003/ധനം (എസ്.ആർ.ഒ.നമ്പർ 216/2005.)

LIBRARY ARCHIVES Kerala Legislative Assembly